"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -2021 -22 പ്ലാൻ ഫണ്ട്- "2202-03-103-76 Development of Libraries, Laboratories & Furniture "- ഗവ കോളേജ് നെടുമങ്ങാട്, BJM ഗവ കോളേജ് ചവറ - 2020-21 സാമ്പത്തിക വർഷത്തിലെ പർച്ചേസ് ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിനായി ഭരണാനുമതി പുതുക്കി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:P3/27494/2020/DCEതിരുവനന്തപുരം തീയതി:03.09.2021

---

*പരാമർശം:*-1. ഈ ഓഫീസിലെ 29.07.2021 ലെ ഇതേ നം. ഉത്തരവ്

2. ഈ ഓഫീസിലെ 20.11.2020 ലെ ഇതേ നം. ഉത്തരവ്

3. നെടുമങ്ങാട് ഗവ കോളേജ് , ചവറ BJM ഗവ കോളേജ് പ്രിൻസിപ്പാൾമാരുടെ 16.04.2021 ലെ അപേക്ഷ

### ഉത്തരവ്

2021-22 സാമ്പത്തിക വർഷം സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും നവീകരണത്തിനായി "2202-03-103-76 Development of Libraries, Laboratories, & Furniture" ശീർഷകത്തിൽ 950 ലക്ഷം ( തൊള്ളായിരത്തി അൻപത് ലക്ഷം രൂപ ) അനുവദിച്ചിട്ടുണ്ട്.

പരാമർശം (1) പ്രകാരം ചവറ BJM ഗവ കോളേജിന് 2020-21 സാമ്പത്തിക വർഷം ലാബ് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ പർച്ചേസ് ബില്ല് സെറ്റിൽമെന്റ് നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ചിരുന്നു. പ്രസ്തുത കോളേജിന് അനുവദിച്ച തുകയിൽ ലാബുകളുടെ മെയ്ന്റനൻസ് നടത്തുന്നതിനുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല . ടി തുക 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ബില്ല് സെറ്റിൽമെന്റ് നടത്തുന്നതിനായി ടി തുക നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പാൾ അപേക്ഷിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം നെടുമങ്ങാട് ഗവ കോളേജിന് 2020-21 സാമ്പത്തിക വർഷം ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക അനുവദിച്ചിരുന്നു. എന്നാൽ ബിംസ് വെബ്സൈറ്റിന്റെ തകരാർ കാരണം ടി കോളേജിന് 2020 മാർച്ച് 31 നുള്ളിൽ പർച്ചേസ് ബില്ലുകൾ ട്രഷറിയിൽ നിന്നും പാസ്സാക്കാൻ സാധിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ പർച്ചേയ്സ് പേയ്മെന്റ് നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം പ്രിൻസിപ്പാൾ അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി കോളേജുകൾക്ക് പ്രസ്തുത ആവശ്യങ്ങൾക്കായി ഭരണാനുമതി പുതുക്കി താഴെ പറയുന്ന വിധത്തിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

| Sl. No | Name of College | Amount |
|---|---|---|
| 1 | ഗവ കോളേജ് നെടുമങ്ങാട് | Rs.45,778/- |
| 2 | BJM ഗവ കോളേജ് ചവറ | Rs.65,583/- |
| ആകെ തുക : Rs.1,11,361/- (ഒരു ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം ) | | |

പദ്ധതി വിഹിതം തുക ചെലവഴിക്കുമ്പോൾ നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും

കർശനമായി പാലിക്കേണ്ടതും അനുവദിക്കുന്ന തുക നിർദിഷ്ട പ്രവർത്തികൾക്കായി മാത്രമാണ് വിനിയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം "2202-03-103-76 Development of Libraries, Laboratories, & Furniture" ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ് .

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 03.09.2021
Reason: Approved

Sd/-
വിഗ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1. പ്രിൻസിപ്പാൾ , BJM ഗവ കോളേജ് ചവറ
2. പ്രിൻസിപ്പാൾ,ഗവ കോളേജ് നെടുമങ്ങാട്
3. ബഡ്ജറ്റ് (കെ) സെക്ഷൻ
4. നടപ്പ് ഫയൽ/സ്റ്റോക്ക് ഫയൽ